# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2120 18/06/2013-ലെ മറുപടിയ്ക്ക്

#### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലാപ്സാക്കിയ പദ്ധതി തുക

| *ചോദ്യം* | *ഉത്തരം* |
|---|---|
| **ഡോ.ടി.എം.തോമസ് ഐസക്**<br>**ശ്രീ.എ.പ്രദീപ് കുമാർ**<br>**ശ്രീ.പി.റ്റി.എ.റഹീം**<br>**പ്രൊഫ. സി.രവീന്ദ്രനാഥ്** | **ശ്രീ.കെ.എം.മാണി**<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| **ചോദ്യം** | **മറുപടി** |
| (എ) പദ്ധതികൾക്കായി സർക്കാർ ബഡ്ജറ്റിൽ അനുവദിച്ച തുക പോലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതിരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) എങ്കിൽ ഇതു സംബന്ധിച്ച് സർക്കാരിന്റെ നിലപാട് വ്യക്തമാക്കുമോ; | പദ്ധതികൾക്കായി സർക്കാർ ബഡ്ജറ്റിൽ അനുവദിക്കുന്ന തുക പൂർണ്ണമായി ഉപയോഗിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് |
| (സി) കഴിഞ്ഞ രണ്ടു സാമ്പത്തിക വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്തു തുക ചെലവഴിച്ചു എന്നും എന്തു തുക നഷ്ടപ്പെടുത്തിയെന്നും വിശദമാക്കാമോ; | 2011-12ൽ ബഡ്ജറ്റിൽ 2574.05 കോടി രൂപ വകയിരുത്തിയിരുന്നു. മുൻ വർഷങ്ങളിലെ നീക്കിയിരുപ്പ് ഉൾപ്പെടെ 2885.98 കോടി രൂപ ചെലവഴിക്കുകയുണ്ടായി.<br>2012-13ൽ വകയിരുത്തിയ 3228 കോടി രൂപയിൽ 2921.59 കോടി രൂപ (താൽക്കാലിക കണക്ക് പ്രകാരം) ചെലവഴിക്കുകയുണ്ടായി. അതിൽ 306.41 കോടി രൂപ ചെലവഴിക്കാനുണ്ട്. ചെലവാക്കാത്ത തുക നഷ്ടപ്പെട്ടില്ല. 2011-12ൽ 70%, 2012-13ൽ 60% എന്ന പരിധിയിൽ കുറച്ചു ചെലവാക്കുന്ന ഫണ്ട് തുടർന്നു വരുന്ന രണ്ടാമത്തെ സാമ്പത്തിക വർഷം കുറവു വരുത്തുകയാണ് ചെയ്തു വരുന്നത്. |

| | | |
|---|---|---|
| (ഡി) | ഇത്തരത്തിൽ തുക ലാപ്സാക്കുന്നതിനുളള കാരണങ്ങൾ എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | തദ്ദേശസ്ഥാപനങ്ങൾക്കു നൽകുന്ന തുക ലാപ്സാക്കിയിട്ടില്ല. ചെലവാക്കാത്ത തുക നഷ്ടപ്പെടില്ല. 2011-12ൽ 70%, 2012-13ൽ 60% എന്ന പരിധിയിൽ കുറച്ചു ചെലവാക്കുന്ന ഫണ്ട് തുടർന്നു വരുന്ന രണ്ടാമത്തെ സാമ്പത്തിക വർഷം കുറവു വരുത്തുകയാണ് ചെയ്തു വരുന്നത്. |
| (ഇ) | തുക ലാപ്സാക്കുന്ന കാര്യത്തിൽ സർക്കാർ കാലാകാലങ്ങളിൽ ഇറക്കുന്ന ഉത്തരവുകളും അവയുടെ റദ്ദാക്കലുകളും മൂലമുളള ആശയക്കുഴപ്പം കാരണമായിട്ടുണ്ടെന്നും സർക്കാർ കരുതുന്നുണ്ടോ; | ഇല്ല |
| (എഫ്) | ആസൂത്രണക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുളള വൈവിധ്യക്കുറവ് ഈ ദു:സ്ഥിതിക്ക് കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന് എന്ത് പ്രതിവിധിയാണ് സർക്കാർ ഉദ്ദേശിക്കുന്നത്? | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഇതു സംബന്ധിച്ച കപ്പാസിറ്റി വർദ്ധിപ്പിച്ചും ഇൻഫർമേഷൻ ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്തിയും വ്യക്തമായ ഡേറ്റാ ബേസിന്റെ അടിസ്ഥാനത്തിലും ആസൂത്രണ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുളള സത്വര നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**